**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2430** **12-12-2022 - ൽ മറുപടിയ്ക്ക്**

**പോഷകസമ്പുഷ്ട അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകളിലൂടെ പോഷകസമ്പുഷ്ട അരി (ഫോർട്ടിഫൈഡ് റൈസ്) നൽകാൻ കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ടോ, എങ്കിൽ കേന്ദ്ര നിർദ്ദേശത്തോട് സംസ്ഥാനം അനുകൂല തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ, ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് സംസ്ഥാനം അറിയിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ, ; | (എ) | കേന്ദ്ര നിർദ്ദേശം ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്ത് വയനാട് ജില്ലയിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സി.എം.ആർ അരിയിൽ പോഷക ഗുണങ്ങൾ ഉള്ളതിനാൽ സംസ്ഥാനത്ത് ഫോർട്ടിഫൈഡ് അരിയുടെ ആവശ്യകതയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. |
| (ബി) | സംസ്ഥാനത്ത് റേഷൻ കടകളിലൂടെ നിലവിൽ വിതരണം ചെയ്യുന്ന അരിയിൽ ആവശ്യത്തിന് പോഷകം ലഭ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; പോഷക സമ്പുഷ്ട അരി (ഫോർട്ടിഫൈഡ് റൈസ്) ജനങ്ങൾ ഉപയോഗിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ആരോഗ്യരംഗത്ത് എന്തെല്ലാം പ്രശ്നങ്ങൾ ഇതിന്റെ ഉപയോഗം മൂലമുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്; ഈ വിഷയത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് റേഷൻ കടകൾ വഴി വയനാട് ഒഴികെയുള്ള ജില്ലകളിൽ നിലവിൽ രണ്ട് തരം അരിയാണ് വിതരണം ചെയ്യുന്നത്. ഒന്ന് കേന്ദ്രം സംഭരിച്ച നൽകുന്ന അരി, മറ്റൊന്ന് കേരളത്തിൽ നിന്നും സംഭരിച്ച നെല്ലിൽ നിന്നും കുത്തിയെടുത്ത് വിതരണം ചെയ്യുന്ന സി.എം.ആർ അരി. ഫോർട്ടിഫൈഡ് അരി ഉപയോഗിക്കുന്നത് മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിലേക്കായി കേന്ദ്ര നിർദ്ദേശമനുസരിച്ച് വയനാട്ടിൽ ഒക്ടോബർ മാസത്തിൽ വിപുലമായ ഒരു ശിൽപശാല നടത്തിയിട്ടുണ്ട്. ഇതിൽ ആരോഗ്യ വിദഗ്ധർ, കേന്ദ്ര സർക്കാർ പ്രതിനിധികൾ, മറ്റു പോഷകാഹാര വിദഗ്ധർ എന്നിവർ പങ്കെടുക്കുകയുണ്ടായി. |
| (സി) | സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് ഈ അരി വിതരണം ചെയ്യുന്നതെന്നും പരീക്ഷണാടിസ്ഥാനത്തിൽ അരി വിതരണത്തിന് എന്തുകൊണ്ടാണ് പ്രസ്തുത മേഖല തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ; അരിയുടെ ഉപയോഗത്തിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് നിലവിൽ വയനാട് ജില്ലയിലാണ് ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നത്. രാജ്യത്തെ മുഴുവൻ ആസ്പിരേഷൻ ജില്ലകൾ/ പോഷകാഹാരക്കുറവിന്റെ ആധിക്യമുള്ള (Heavy Burden) ജില്ലകളിൽ പി.ഡി.എസ് മുഖേന ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നതിന് കേന്ദ്രം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ആസ്പിരേഷൻ മാനദണ്ഡങ്ങളിൽ വരുന്ന വയനാട് ജില്ല തെരെഞ്ഞെടുത്തത്. നിലവിൽ വയനാട് ജില്ലയിലെ |

| | | | |
|---|---|---|---|
| | | | എല്ലാ കാർഡ് ഉടമകൾക്കും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്തുവരുന്നു. |
| (ഡി) | ആവശ്യമായ പഠനങ്ങൾക്ക് ശേഷമാണോ ഈ അരിയുടെ വിതരണം സംസ്ഥാനത്ത് നടത്തിയിട്ടുള്ളത്; എങ്കിൽ ഏത് രീതിയിലുള്ള പഠനമാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ? | (ഡി) | ടി വിഷയത്തിന്മേൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ